## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1402** **19-06-2024 - ൽ മറുപടിയ്ക്ക്**

### പുതിയ മദ്യനയം സംബന്ധിച്ച ടൂറിസം വകുപ്പ് നടത്തിയ കൂടിയാലോചനകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീമതി ഉമ തോമസ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതിയ മദ്യനയത്തിൽ ഉൾപ്പെടുത്തേണ്ട വിഷയങ്ങൾ സംബന്ധിച്ച് ടൂറിസം വകുപ്പിനോട് എക്സൈസ് വകുപ്പ് അഭിപ്രായം ആരാഞ്ഞിരുന്നോ; വ്യക്തമാക്കാമോ; | (എ) | ഇല്ല. |
| (ബി) | ഇത് സംബന്ധിച്ച് ടൂറിസം വകുപ്പ് എക്സൈസ് വകുപ്പിന് എന്തെങ്കിലും ശിപാർശ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | ഇല്ല. |
| (സി) | പുതിയ മദ്യനയവുമായി ബന്ധപ്പെട്ട വിഷയങ്ങളിന്മേൽ ടൂറിസം വകുപ്പ് കൂടിയാലോചനകൾ നടത്തിയിരുന്നോ; വിശദമാക്കാമോ? | (സി) | സംസ്ഥാനത്തെ വിനോദസഞ്ചാര മേഖല നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരള ട്രാവൽ മാർട്ട് സൊസൈറ്റി, ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽ അസോസിയേഷൻ, അസോസിയേഷൻ ഓഫ് അപ്രൂവ്ഡ് ആൻഡ് ക്ലാസ്സിഫൈഡ് ഹോട്ടൽസ് ഓഫ് കേരള തുടങ്ങിയ സംഘടനകൾ സർക്കാരിൽ വ്യത്യസ്ത നിവേദനങ്ങൾ സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 21.05.2024 ൽ വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ കേരള ട്രാവൽ മാർട്ട് സൊസൈറ്റി, ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽ അസോസിയേഷൻ, അസോസിയേഷൻ ഓഫ് അപ്രൂവ്ഡ് ആൻഡ് ക്ലാസ്സിഫൈഡ് ഹോട്ടൽസ് ഓഫ് കേരള, ഇവന്റ് മാനേജ്മെന്റ് അസോസിയേഷൻ ഓഫ് കേരള, കേരള ടൂറിസം ഡെവലപ്പ്മെന്റ് അസോസിയേഷൻ, സൗത്ത് കേരള ഹോട്ടൽ അസോസിയേഷൻ, കേരള ഹൗസ് ബോട്ട് ഓണേഴ്സ് ഫെഡറേഷൻ എന്നീ സംഘടനകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു ഓൺലൈൻ യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ വിനോദസഞ്ചാര മേഖലയെ ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് MICE (Meetings Incentive |

| | | | |
|---|---|---|---|
| | | | Convention Exhibitions) ഡെസ്റ്റിനേഷൻ വെഡ്ഡിങ് , ഹൗസ് ബോട്ട് മേഖല, ക്രൂയിസ് ടൂറിസം എന്നിവ സംബന്ധിച്ച പരാതികൾ, നിർദ്ദേശങ്ങൾ എന്നിവ ചർച്ച ചെയ്യുകയുണ്ടായി. |

സെക്ഷൻ ഓഫീസർ